Department of Tourism
Park View Thiruvananthapuram 695 033
Kerala India Fax: +91-471-2322279
Tel: +91-471-2326579 2321132
Email: info@keralatourism.org
marketing@keralatourism.org
www.keralatourism.org

**പത്രക്കുറിപ്പ്** **30/09/2019**

## ചൈനീസ് വിപണി ലക്ഷ്യമാക്കി കേരള ടൂറിസം ശക്തമായ പ്രചാരണപരിപാടികൾ നടത്തും: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

**തിരുവനന്തപുരം:** *ചൈനീസ് വിനോദസഞ്ചാരികളുടെ രീതികൾ മനസിലാക്കാനും ഈ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ അവരുടെ ഇഷ്ടങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ രൂപപ്പെടുത്താനും കേരളടൂറിസം നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായി ഈ വ്യവസായത്തിലെ പങ്കാളികളെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിച്ചു.*

*ചൈന അതിവേഗം വളരുന്ന വിപണിയാണെന്നും 15 കോടി വിനോദസഞ്ചാരികളാണ് പ്രതിവർഷം വിദേശരാഷ്ട്രങ്ങൾ സന്ദർശിക്കുന്നതെന്നും ശില്പശാലയുടെ സമാപന സമ്മേളനത്തിൽ മന്ത്രി ശ്രീ കടകംപള്ളി സുരേന്ദ്രൻ ചൂണ്ടിക്കാട്ടി. ഈ വിപണി ലക്ഷ്യമാക്കി കേരള ടൂറിസം സർക്കാരുകളെയും ബിസിനസ് പങ്കാളികളെയും സഞ്ചാരികളെയും പങ്കെടുപ്പിച്ച് ''ചൈന റെഡി'' എന്ന സുസ്ഥിര പ്രചാരണ പരിപാടി നടത്തുമെന്ന് അദ്ദേഹം പറഞ്ഞു.*

*ചൈനീസ് വിനോദസഞ്ചാരികൾ ഏറെ ഇഷ്ടപ്പെടുന്ന രാജ്യമാണ് ഇന്ത്യയെന്നും കേരളത്തിനും ചൈനയ്ക്കുമിടയിൽ ചരിത്രപരവും സാസ്കാരികവുമായ അഗാധ ബന്ധമുണ്ടെന്നും ചൂണ്ടിക്കാട്ടിയ വെൽകം ചൈന ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ മാർക്കസ് ലീ പക്ഷേ ഇവിടം തങ്ങളുടെ ഇഷ്ടകേന്ദ്രമായി മാറിയിട്ടില്ലെന്നും പറഞ്ഞു.*

*ആത്മീയവും ആയോധനപരവുമായ ബന്ധങ്ങൾ പോലും നിലനിൽക്കുന്ന ഈ രാജ്യങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തുകയാണെങ്കിൽ ടൂറിസം മേഖലയിലുള്ള സഹകരണവും വർധിക്കുമെന്ന് ലീ ചൂണ്ടിക്കാട്ടി.*

*ചൈന റെഡി പ്രോഗ്രാമിലൂടെ കേരള ടൂറിസത്തിന് സാംസ്കാരികമായി മാത്രമല്ല പരസ്പരം പ്രയോജനപ്പെടുന്ന സാമ്പത്തിക ബന്ധം സ്ഥാപിക്കാനുള്ള അവസരങ്ങൾ കൂടി തുറന്നുകിട്ടുകയാണെന്ന് ശില്ശാല ഉദ്ഘാടനം ചെയ്ത ടൂറിസം സെക്രട്ടറി ശ്രീമതി റാണി ജോർജ് പറഞ്ഞു.*

*ചൈനീസ് സഞ്ചാരികളുടെ എണ്ണം വർധിക്കുന്നതിനനുസരിച്ച് ആ രാജ്യത്തിൽനിന്നുള്ള വരുമാനവും വർധിക്കുമെന്ന് കേരള ടൂറിസം ഡയറക്ടർ ശ്രീ പി ബാല കിരൺ പറഞ്ഞു.*

*കേരളത്തിലെ നാല്പതോളം ഹോട്ടൽ പ്രതിനിധികളെയും ടൂർ ഓപ്പറേറ്റർമാരെയും പങ്കെടുപ്പിച്ചാണ് ശില്പശാല നടത്തിയത്. ഇതുവരെ 48 രാജ്യങ്ങളിൽ നടത്തിയിട്ടുള്ള ചൈന റെഡി പ്രോഗ്രാം ഇതാദ്യമായാണ് കേരള ടൂറിസം വഴി ഇന്ത്യയിൽ നടത്തുന്നത്. ഇതോടനുബന്ധിച്ച് ചൈനീസ് പ്രതിനിധികൾക്കായി കേരളത്തിലെ പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളെ കൂട്ടിയിണക്കി ഒക്ടോബർ ഒന്നു മുതൽ അഞ്ചുവരെ യാത്രാപരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. ചൈനീസ് സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് എന്തൊക്കെ സജ്ജീകരണങ്ങളാണ് വേണ്ടതെന്ന് മനസിലാക്കിക്കുന്നതിനു വേണ്ടിയാണ് ഈ പരിചയ പരിപാടി.*

kerala
God's Own Country